LIBRARY ARCHIVES Kerala Legislative Assembly

സ്കോളർഷിപ്പ് നൽകാൻ നീക്കിവച്ച തുക ചെലവാക്കാത്തതിനുള്ള കാരണം

117 (1080) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ നീക്കിവച്ച ഏഴര കോടിയോളം രൂപ സംസ്ഥാനം ചെലവഴിച്ചില്ലെന്ന സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ചെലവഴിക്കാതിരിക്കാനുള്ള കാരണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) അർഹരായ പാവപ്പെട്ട കുട്ടികൾക്ക് ഈ തുക നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അന്വേഷിച്ചിട്ടുണ്ട്. 2007-08, 2008-09 വർഷങ്ങളിലായി ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് കേന്ദ്ര സഹായമായി 722.117 ലക്ഷം രൂപ ലഭിച്ചിരുന്നു. സംസ്ഥാനത്തെ മൊത്തം ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ടി തുക പര്യാപ്തമല്ല. 80 കോടിയോളം രൂപ ടി ഇനത്തിൽ വേണ്ടിവരുമായിരുന്നു. സർക്കാർ ഈ കാര്യം പരിശോധിക്കുകയും കേന്ദ്രത്തിൽ നിന്നും ലഭിച്ച 10.80 കോടി രൂപ ലാപ്സാകാതെയിരിക്കാൻ +1, +2 കോഴ്സുകൾക്ക് പഠിക്കുന്ന മറ്റ് പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പരിമിതപ്പെടുത്തി പ്രതിമാസം 90 രൂപ നിരക്കിൽ 900 രൂപ സ്കോളർഷിപ്പും എല്ലാവിധ ഫീസാനുകൂല്യങ്ങളും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ലഭിച്ച ടി തുക 14 ജില്ലകൾക്കുമായി അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം തന്നെ തുക പൂർണ്ണമായും ചെലവഴിക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള യൂണിവേഴ്സിറ്റിയിൽ ഡോ. അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിനുള്ള ഫണ്ട്

118 (1081) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയിൽ ഡോ. അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിന് 2003-ൽ അഞ്ച് ലക്ഷം രൂപ അനുവദിച്ചുത്തരവായിട്ടുണ്ടോ ;